# ലോക കേരളസഭ - മുഖ്യമന്ത്രിയുടെ ഉപസംഹാര പ്രസംഗം

കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന പ്രവാസികളെ വികസനപ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ ആവുന്ന തോതിൽ പരിഹരിക്കാൻ ഇടപെടുന്നതിനുമുള്ള കാഴ്ചപ്പാടുകൾ പ്രകടനപത്രികയിലൂടെ നേരത്തേ തന്നെ അവതരിപ്പിച്ചിരുന്നു.

പ്രവാസി സംഘടനകളുടെ മേഖലാതല ആഗോള സമ്മേളനവും ആശയവിനിമയവും സംഘടിപ്പിക്കും എന്ന കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചിരുന്നത്. കേരള ജനതയ്ക്ക് നൽകിയ ആ ഉറപ്പ് കൂടുതൽ വിശാലമായ രീതിയിലും ജനാധിപത്യപരമായും പാലിക്കുകയാണ് ലോക കേരളസഭ സ്ഥാപിക്കുന്ന
തോടെ ചെയ്തത്.

കേരളത്തിന്റെ വികസന കാര്യത്തിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി യോജിച്ചുനിൽക്കണമെന്ന ആശയം സർക്കാർ അധികാരമേറ്റയുടനെ ത്തന്നെ മുന്നോട്ടുവച്ചതാണ്. ആ കാഴ്ചപ്പാടിനെ പിന്തുണച്ചുകൊണ്ടുള്ള നിലപാട് പ്രതിപക്ഷ കക്ഷികളുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയും ചെയ്തു. കേരളത്തെ സ്നേഹിക്കുന്ന എല്ലാ വിഭാഗം ജനങ്ങളും ഈ ആശയത്തിനു പിന്നിൽ ആത്മാർത്ഥതയോടെ അണിനിരക്കുന്നു എന്നതാണ് ഈ സമ്മേളനത്തിന്റെ വിജയം വ്യക്തമാക്കുന്നത്.

കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായമായി ലോക കേരളസഭ മാറിയിരിക്കുകയാണ്. കേരളത്തിന്റെ വികസന അനുഭവങ്ങളിൽ ഉണ്ടായിട്ടുള്ള ഈ പുതിയ നീക്കത്തെ നമുക്ക് ഒരുമിച്ചുനിന്ന് മുന്നോട്ടുകൊണ്ടുപോകാനാവണം. മറ്റെല്ലാകാര്യത്തിലുമെന്ന പോലെ ഇക്കാര്യത്തിലും നമുക്ക് കേരളത്തിന്റേതെന്ന നിലയ്ക്കുള്ള പുതുമാതൃക മുന്നോട്ടുവെയ്ക്കാനാവണം.

ലോക കേരളസഭയുടെ ആദ്യ സമ്മേളനത്തിന്റെ ചർച്ചയ്ക്കുള്ള കരട് രേഖ വിതരണം ചെയ്തിരുന്നല്ലോ. വിശദമായിത്തന്നെ ഉദ്ഘാടന പ്രസംഗത്തിൽ ഈ രേഖയുടെ ഊന്നൽ മേഖലകൾ ഞാൻ വിശദീകരിച്ചിരുന്നു.

കേരളത്തിന്റെ വികസന പ്രശ്നങ്ങൾ എന്തൊക്കെയെന്നും അതിന്റെയൊക്കെ പരിഹാരത്തിന് പ്രവാസികൾക്ക് ഏതൊക്കെ രീതിയിൽ ഇടപെടാൻ സാധിക്കുമെന്നും കരട് രേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ അവതരിപ്പിച്ചിട്ടുള്ളതും ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ളതുമായ ആശയങ്ങൾ പ്രായോഗികമാക്കുന്നതിന് ആഗോളതലത്തിൽ തന്നെ പ്രവാസികളെയാകെ കൂട്ടിയോജിപ്പിക്കുന്നതിനുവേണ്ടിയുള്ള ചില സംവിധാനങ്ങൾ രൂപപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആ സംവിധാനങ്ങളെക്കുറിച്ച് സൂചിപ്പിച്ച ശേഷം സമ്മേളനത്തിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന കാര്യങ്ങളെക്കുറിച്ച് പറയാം.

**നിർദ്ദേശങ്ങൾ**

1. വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഒരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.
2. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കും. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയുമാണ് ലക്ഷ്യം.

3. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവന്നവരും മറ്റു സംസ്ഥാന ങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിലുണ്ടാക്കും. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പു കളും ഉണ്ടാകും. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പി ക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.
4. കേരള വികസന നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിശ്ചിത തുകയ്ക്കുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവെയ്പ്പാ യിരിക്കും. ചർച്ചയിൽ ഉയർന്നുവന്ന ഈ നിർദ്ദേശത്തെ പ്രായോഗിക മാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.
5. പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടി ലേക്കുള്ള മടക്കത്തിനുമുമ്പ് തന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദവും നൽകാനും ഉദ്ദേശിക്കുന്നു.
6. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധി തർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്ന വർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം ഉണ്ടാ ക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ഇന്നലെയും ഇന്നുമായി ലോക കേരളസഭയുടെ സമ്മേളനത്തിലും സമാന്തര സെഷനുകളിലും കരട് രേഖയിലെ വിവിധ വിഷയങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്തത്. പലരും വിശദമായ കുറിപ്പുകൾ അയച്ചുതരികയും നിർദ്ദേശങ്ങൾ നേരിട്ട് നൽകുകയും ചെയ്തിരുന്നു. അതെല്ലാം വിശദമായി പരിശോധിക്കും. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കും.

ചർച്ചയ്ക്കുള്ള രേഖ സമ്പുഷ്ടമാക്കുന്നതിലും സങ്കൽപ്പങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിലും ഈ ഇടപെടലുകളും അഭിപ്രായപ്രകടനങ്ങളും സഹായിച്ചിട്ടുണ്ട്.

പ്രവാസി നിക്ഷേപം ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ, പ്രത്യേകിച്ച് സാമ്പത്തിക നിക്ഷേപം നടത്താൻ ആവശ്യമായ സ്കീമുകളും പദ്ധതികളും നടപ്പിലാക്കുന്ന കാര്യം ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. വിവിധ പദ്ധതികളിൽ പ്രവാസികൾക്ക് നിക്ഷേപം നടത്താനാവശ്യമായ മാർഗരേഖ/ചട്ടക്കൂട് നിർമ്മിക്കണമെന്ന നിർദ്ദേശവുമുണ്ട്. ഇക്കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

പുതിയ വികസന കേന്ദ്രങ്ങളായ കണ്ണൂർ, ശബരിമല എയർപോർട്ടുകൾ പോലുള്ളവയിൽ സിയാൽ മാതൃകയിലുള്ള നിക്ഷേപം കൊണ്ടുവരിക എന്ന കാഴ്ചപ്പാടായിരിക്കും ഈ രംഗത്ത് മുന്നോട്ടുവയ്ക്കുക. നാഷണൽ ഹൈവേകളിലെ വിശ്രമകേന്ദ്രങ്ങൾ മറ്റൊരു നിക്ഷേപ മേഖലയാകണമെന്ന നിർദ്ദേശവും പരിശോധിക്കും.

കേരളത്തിൽ വ്യവസായ സംരഭങ്ങൾക്ക് ഏകജാലക സംവിധാനത്തിന് പുറമെ എൻ.ആർ.ഐ നിക്ഷേപത്തിന് മാത്രമായി ഒരു ഏകജാലക സംവിധാനം ആരംഭിക്കണം എന്ന നിർദ്ദേശം പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സാധ്യതാ പഠനം നടത്തുകയാണ് ആദ്യ നടപടി. അത് സ്വീകരിക്കും.

പ്രവാസികളുടെ നാട്ടിലെ നിക്ഷേപത്തിനാവശ്യമായ അനുമതികൾ വേഗത്തിലാക്കാനും സിംഗിൾ വിൻഡോ അനുമതി ലഭ്യമാക്കാനുമുള്ള സാഹചര്യം സൃഷ്ടിക്കും. റബർ അധിഷ്ഠിത ചെറുകിട വ്യവസായ

സ്ഥാപനങ്ങൾ ഇലക്ട്രിക് വാഹനങ്ങൾ സോളാർ വൈദ്യുതി, ശുദ്ധജല, നാളികേര ഉത്പന്നവിപണനം തുടങ്ങിയ ചെറുകിട സംരംഭങ്ങൾക്കുള്ള പ്രവാസികളുടെ നിക്ഷേപ സാധ്യതകൾ പഠനവിധേയമാക്കും.

ചർച്ചയിൽ വന്ന ശ്രദ്ധേയമായ മറ്റൊരു നിർദ്ദേശം കാർഷിക രംഗത്ത് സംഭരണവും വിതരണവും ഉൾപ്പെടെയുള്ള മേഖലയിൽ പ്രവാസി നിക്ഷേപം കൊണ്ടുവരാം എന്നതാണ്. അതോടൊപ്പം ചക്ക, മാങ്ങ, നാളി കേരം, സുഗന്ധദ്രവ്യങ്ങൾ എന്നിവയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ വിക സനവും വിപണനസാധ്യതയും മെച്ചപ്പെടുത്താനാവും എന്ന നിർദ്ദേശവും ഉണ്ട്. പശുവളർത്തുന്നതിനുള്ള ഫാമുകൾ വിസ്തൃതമായ പ്രദേശത്ത് പച്ചക്കറി കൃഷി, പച്ചക്കറി അടക്കമുള്ള കാർഷികോത്പന്നങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമുള്ള കോൾഡ്സ്റ്റോറേജ് സൗകര്യത്തോടെയുള്ള മാർക്കറ്റിംഗ്, പഴ സംസ്കരണ പ്ലാന്റ് തുടങ്ങിയവ യുടെ കാര്യത്തിലും ഈ സാധ്യതകൾ ആരായാവു ന്നതാണ്.

കായിക രംഗത്തും നിക്ഷേപ സാധ്യതകൾ നിലനിൽക്കുന്നുണ്ട്. ഈ രംഗത്ത് പ്രവാസി നിക്ഷേപം ഏതുതരത്തിൽ ഉപയോഗപ്പെടുത്താനാവും എന്നകാര്യം സർക്കാർ ആരായുന്നതാണ്.

വിവിധ മേഖലകളിൽ പ്രത്യേകിച്ച് വിദ്യാഭ്യാസം, കൃഷി, അനുബന്ധ വ്യവസായങ്ങൾ, നൂതന സാങ്കേതിക വിദ്യ, ആരോഗ്യം തുടങ്ങിയ മേഖല കളിൽ പ്രവാസികളുടെ അറിവും കഴിവും പരിജ്ഞാനവും കേരളത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരി ക്കേണ്ടതുണ്ട്.

ആരോഗ്യമേഖലയിൽ പഠനത്തിനും അതോടൊപ്പം രോഗീപരിചര ണം, വൃദ്ധജനപരിപാലനം എന്നീ കാര്യങ്ങൾക്കും നിക്ഷേപം നടത്തി ഈ രംഗത്തെ സാമൂഹ്യ ഇടപെടലിന് സർക്കാരിന് കരുത്ത് നൽകും.

സംസ്കാരിക രംഗത്ത് ബിനാലെ രീതിയിലുള്ള അന്താരാഷ്ട്ര സാംസ്കാരിക ഉത്സവങ്ങൾ വ്യാപകമാക്കുന്നതിന് പ്രവാസികളുടെ

നിക്ഷേപത്തിന്റെ ഒരു ഭാഗം ഉപയോഗിക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്. സാസ്കാരിക രംഗത്തെ വികസന പ്രവർത്തനങ്ങൾക്കും ആ മേഖലയിലെ സ്ഥാപനങ്ങളുടെ വികാസത്തിനും പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്തുക എന്ന നിർദ്ദേശവുമുണ്ട്. ഇക്കാര്യം തീർച്ചയായും ചർച്ച ചെയ്യുന്നതാണ്.

മലയാളികൾ ഏറെയുള്ള സംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്ന തിനെക്കുറിച്ചും നിർദ്ദേശങ്ങൾ ഉയർന്നുവന്നു. മലയാളി സംഘടനകളുടെ കൂടി സഹായത്തോടെ ഇത് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കുന്നതാണ്.

മലയാളികൾ ഏറെയുള്ള ഇടങ്ങളിൽ മലയാളി സാംസ്കാരിക സമിതികൾ മലയാളത്തിലുള്ള ഒരു പ്രസിദ്ധീകരണം ആരംഭിക്കാൻ മുന്നോട്ടുവന്നാൽ സഹകരിക്കാവുന്നതാണ്.

മറ്റു രാജ്യങ്ങളിലെ മിടുക്കന്മാരും മിടുക്കികളും പഠിക്കാനും ജോലി ചെയ്യാനും ആഗ്രഹിക്കുന്ന പ്രദേശമാണ് കേരളം. അത്തരം ആളുകളെ ഉപ യോഗപ്പെടുത്തി അവരുടെ ഭാഷ നമ്മുടെ നാട്ടിലെ കുട്ടികളെ പഠിപ്പിക്കുന്ന സംവിധാനം വികസിപ്പിച്ചാൽ ടൂറിസംമേഖലയെ സഹായിക്കാനാവും എന്ന നിർദ്ദേശമുണ്ട്. അതോടൊപ്പം ആ രാജ്യത്തെ ഭാഷ സ്വായത്തമാക്കു ന്നതോടെ അവിടെപ്പോയി തൊഴിൽ ചെയ്ത് ജീവിക്കാൻ നമ്മുടെ പുതുതലമുറയ്ക്ക് പറ്റുന്ന സാഹചര്യം ഉണ്ടാക്കാനും ഇതുകൊണ്ട് കഴിയും. ഇത്തരം ഇടപെടലുകളെക്കുറിച്ച് വിശദമായി പഠിച്ച് ആവശ്യമായ തീരുമാനം എടുക്കാവുന്നതാണ്.

കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഗുരുതരമായ പ്രശ്ന മായി നിലനിൽക്കുന്നതാണ് മാലിന്യ പ്രശ്നം. വിദേശ രാജ്യങ്ങളിലെ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ഈ പ്രശ്നം പരിഹ രിക്കണം. ഇതിനായി സാങ്കേതിക സഹായവും നിക്ഷേപവും കൊണ്ടുവരു

ന്നതിനുള്ള നിർദ്ദേശമുണ്ട്. ഏറെ ശ്ലാഘനീയമായ ഈ നിർദ്ദേശം തീർച്ച യായും സർക്കാർ പരിഗണിക്കുന്നതാണ്.

പ്രവാസ ക്ഷേമത്തിന് സംസ്ഥാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് ക്രിയാത്മകമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രവാസികളുടെ സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

വിദേശത്ത് അപകടത്തിൽ മരണപ്പെടുന്നവർക്ക് സാമ്പത്തികസഹായം നൽകണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും ഇക്കാര്യം പരിഗണിക്കാവുന്നതാണ്. പ്രവാസികൾക്ക് നിയമസഹായം ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ചില കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. അത് കൂടുതൽ വിപുലപ്പെടുത്തും.

തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ആലോചിച്ച് നടപടി സ്വീകരിക്കും. വിദേശരാജ്യങ്ങൾ വിട്ടുവരുന്ന പ്രവാസികളുടെ കുട്ടികളുടെ പഠനം ഇവിടെ തുടരുന്നതിനുള്ള സൗകര്യം ഒരുക്കാൻ ഇടപെടാനാവും.

തിരിച്ചുവരുന്നവരുടെ സംരക്ഷണം, അവർക്ക് ചികിത്സാ ചെലവുകളും മറ്റും ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തി ഉറപ്പാക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ തന്നെ പങ്കാളിത്തപെൻഷനെ സംബന്ധിച്ച നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ പഠനം നടത്തി വ്യക്തമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

പ്രവാസത്തിന്റെ സ്വഭാവം മാറുകയാണ്. പുതിയ ലോക സാഹചര്യങ്ങൾക്കനുസൃതമായി പ്രവാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ പ്രവാസപൂർവ്വ ഘട്ടത്തിലുള്ളവർ കേരളത്തിനകത്ത്

എടുക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതാണ്.

പ്രവാസി വനിതകൾ നിരവധി പ്രശ്നങ്ങൾ നേരിടുന്ന കാര്യം ഉയർന്നുവന്നിട്ടുണ്ട്. സ്ത്രീകളുടെ തൊഴിലിടത്തെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും എടുത്തുപറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ കഴിയാവുന്ന ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. നഴ്സിംഗ് മേഖലയിലെ റിക്രൂട്ടമെന്റുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ പരിഹരിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുന്നതാണ്. അതേ സമയം നഴ്സിംഗ് ഉൾപ്പെടെയുള്ള മേഖലകളിലെ പ്രൊഫഷണലുകളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം നോർക്കയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

ഹർത്താൽ ഒഴിവാക്കണമെന്ന നിർദ്ദേശം ഇവിടെ ഉയർന്നുവന്നു. ഹർത്താലിനെതിരെ സമരം നടത്തിയവർ അടക്കം ഹർത്താലിന് ആഹ്വാനം ചെയ്യുന്ന നാടാണ് കേരളം. ഹർത്താലിന്റെ കാര്യത്തിൽ കൂടുതൽ ചർച്ച വേണമെന്നാണ് തോന്നുന്നത്.

ഉദ്ഘാടനപ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ നിയമസഭയുടെ പ്രവർത്തനത്തിന് ശക്തിപകരുന്നത് അതിന്റെ കമ്മറ്റികളാണ്. ഇവിടെ നടന്ന ചർച്ചകളിൽ നിരവധി കാഴ്ചപ്പാടുകൾ ഉയർന്നുവന്നിട്ടുണ്ട്. അവ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലാണ് നമുക്ക് ഇനി വേണ്ടത്. അതിനായി എല്ലാ മേഖലയിലും കൃത്യമായ ഇടപെടലുകളും പദ്ധതികളും തയ്യാറാക്കാൻ ലോക കേരളസഭ തന്നെ മുൻകൈ എടുക്കുന്ന സാഹചര്യം ഉണ്ടാവണം. അതിനുള്ള സാഹചര്യത്തെയും മൊത്തത്തിൽ കാര്യങ്ങൾ പരിശോധിക്കാനും തുടർ പ്രവർത്തനം ഉറപ്പുവരുത്താനും ഒരു സെക്രട്ടേറിയറ്റ് സംവിധാനം ലോക കേരളസഭയ്ക്ക് ഉണ്ടാകും.

ഈ എഴ് മേഖലകളിലും ലോക കേരളസഭ പ്രതിനിധികൾ ഉൾക്കൊള്ളുന്ന സ്റ്റാന്റിംഗ് കമ്മറ്റികൾ രൂപീകരിക്കണം. അവർക്ക് അതത് മേഖലകളിൽ കൂടുതൽ വിശദമായ ചർച്ചകളും കൂടിയാലോചനകളും നടത്താം. ആറ് മാസത്തിനകം വ്യക്തമായ ശിപാർശകൾ സമർപ്പിക്കണം. സ്റ്റാന്റിംങ് കമ്മറ്റികളുടെ ഇത്തരം ശിപാർശകൾ സർക്കാർ ഗൗരവമായി പരിഗണിക്കുകയും സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യും. നോർക്ക ഇക്കാര്യത്തിൽ പ്രത്യേകമായ മോണിറ്ററിംഗ് സംവിധാനവും കൊണ്ടുവരുന്നതാണ്.

* * * * *